പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *686 — 3/11/2016-ലെ മറുപടിയ്ക്ക്

## എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ സ്കിൽ ഡെവലപ്മെന്റ് സെന്ററുകൾ ആക്കുവാൻ പദ്ധതി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീമതി. സി.കെ. ആശ<br>ശ്രീ. മുല്ലക്കര രത്നാകരൻ<br>ശ്രീ. ഇ.ടി. ടൈസൺ മാസ്റ്റർ<br>ശ്രീ. കെ. രാജൻ | ശ്രീ. ടി.പി. രാമകൃഷ്ണൻ<br>(ബഹു. തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് തൊഴിലില്ലായ്മ വേതനം വാങ്ങുന്ന യുവാക്കളുടെ എണ്ണം കുറച്ചു കൊണ്ടുവരുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് അറിയിക്കുമോ; | (എ) നിലവിൽ നാഷണൽ എംപ്ലോയ്മെന്റ് വകുപ്പ് മുഖാന്തിരം മൂന്ന് സ്വയംതൊഴിൽ പദ്ധതികൾ, കെസ്റു (കേരള സെൽഫ് എംപ്ലോയ്മെന്റ് സ്കീം ഫോർ ദ രജിസ്റ്റേർഡ് അൺ എംപ്ലോയ്ഡ്), മൾട്ടിപർപ്പസ് ജോബ് ക്ലബ്, ശരണ്യ എന്നിവ നടപ്പാക്കി വരുന്നുണ്ട്. ഈ പദ്ധതികൾ പ്രകാരം സാമ്പത്തിക സഹായം ലഭിക്കുന്നവർക്ക് തുടർന്ന് തൊഴിൽരഹിത വേതനം നൽകുന്നതല്ല. വിവിധ കാരണങ്ങളാൽ വ്യക്തിഗത /കുടുംബ വാർഷിക വരുമാനം വർദ്ധിച്ചവർക്കും, ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം തൊഴിൽ ലഭിച്ച് വരുമാനം വർദ്ധിച്ചവരെയും, എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയോ, മറ്റ് മാർഗ്ഗങ്ങളിലൂടെ തൊഴിൽ ലഭിച്ചവരെയും തൊഴിൽരഹിത വേതനം ലഭിക്കുന്നതിനുള്ള അർഹതയിൽ നിന്നും ഒഴിവാക്കുകയും അതുവഴി |

തൊഴിൽരഹിത വേതനം വാങ്ങുന്നവരുടെ എണ്ണം ഒരു പരിധിവരെ കുറച്ചുകൊണ്ടുവരികയും ചെയ്യുന്നു.

(ബി) പുത്തൻ തൊഴിൽ മേഖലകൾക്ക് അനുസൃതമായ ശേഷികൾ ഉദ്യോഗാർത്ഥികൾക്ക് കൈവരിക്കാനുതകുന്ന തരത്തിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ സ്കിൽ ഡെവലപ്മെന്റ് സെന്ററുകൾ ആക്കിമാറ്റുന്നതിന് പദ്ധതികളുണ്ടോ; വ്യക്തമാക്കുമോ;

ബി) പുത്തൻ തൊഴിൽമേഖലകൾക്ക് അനുസൃതമായ ശേഷികൾ ഉദ്യോഗാർത്ഥികൾക്ക് കൈവരിക്കാനുതകുന്ന തരത്തിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ തൊഴിൽ നൈപുണ്യ വികസന കേന്ദ്രങ്ങളാക്കി മാറ്റുക എന്ന ലക്ഷ്യത്തോടുകൂടി 2012-13 വർഷം മുതൽ നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പ് മുഖേന "എംപ്ലോയബിലിറ്റി സെന്റർ പദ്ധതി" നടത്തിവരുന്നുണ്ട്. എംപ്ലോയബിലിറ്റി സെന്ററുകളിൽ രജിസ്റ്റർ ചെയ്യുന്ന അഭ്യസ്തവിദ്യരും, തൊഴിൽരഹിതരുമായ ഉദ്യോഗാർത്ഥികളുടെ അഭിരുചി, സ്കിൽ ഗ്യാപ് എന്നിവ വിവിധ അസ്സെസ്സ്മെന്റ് ടൂൾസ് ഉപയോഗിച്ച് വിലയിരുത്തി സോഫ്റ്റ് സ്കില്ലുകൾക്കും ഇംഗ്ലീഷ് ഭാഷാപരിജ്ഞാനം വർദ്ധിപ്പിക്കുന്നതിനും എംപ്ലോയബിലിറ്റി സെന്ററുകൾ മുഖേനയും, തൊഴിലധിഷ്ഠിത പരിശീലനം ആവശ്യമായവർക്ക് അത്തരം അംഗീകൃത പരിശീലന കേന്ദ്രങ്ങൾ മുഖേനയും പരിശീലനം നൽകുകയും ഇപ്രകാരം പരിശീലനം ലഭിക്കുന്ന ഉദ്യോഗാർത്ഥികൾക്ക്

സ്വകാര്യ മേഖലയിലെ തൊഴിലവസരം ലഭ്യമാക്കുന്നതിനായി തൊഴിൽദാതാക്കളുമായി നേരിട്ടും, ജോബ്ഫെയറുകൾ സംഘടിപ്പിച്ചും തൊഴിൽ നേടിയെടുക്കുവാൻ അവസരം ഒരുക്കുന്നു. നിലവിൽ 7 ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളോടൊപ്പം എംപ്ലോയബിലിറ്റി സെന്ററുകൾ പ്രവർത്തിച്ചുവരുന്നു. 2 പുതിയ എംപ്ലോയബിലിറ്റി സെന്ററുകൾ കൂടി ഈ വർഷം പ്രവർത്തനസജ്ജമാകും.

(സി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ളവരിൽ നിന്നും തല്പരരായ ആളുകളെ തൊഴിലുറപ്പ് പദ്ധതിയിലേക്ക് നൽകുന്നതിന് നടപടി സ്വീകരിക്കുമോ ?

സി) തൊഴിലുറപ്പ് പദ്ധതി നടപ്പിലാക്കി വരുന്നത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേനയാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ആവശ്യപ്പെടുന്ന പക്ഷം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്റ്റർ ചെയ്തിട്ടുള്ളവരിൽ നിന്നും തല്പരരായ ആളുകളെ തൊഴിലുറപ്പ് പദ്ധതിയിലേയ്ക്ക് നൽകുന്ന വിഷയം പരിശോധിക്കാവുന്നതാണ്.

സെക്ഷൻ ഓഫീസർ